പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5360 15.11.2019-ലെ മറുപടിക്ക്

# നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി അൻവർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്നാണ് തീരുമാനമെടുത്തത്; ഇതിന് ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 04/2/2014 ൽ കൂടിയ കെ.എസ്.ആർ.ടി.സി യുടെ 377-ാം ഭരണ സമിതി യോഗത്തിലാണ് തീരുമാനമെടുത്തത്. പ്രസ്തുത ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കെ.എസ്.ആർ.ടി.സി നേരിട്ട് നടത്തുന്ന പ്രവൃത്തി ആയതിനാൽ ബന്ധപ്പെട്ട ഫയലിലാണ് സാങ്കേതിക അനുമതി നൽകിയിരിക്കുന്നത്. |
| (ബി) | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത് ഏത് ഫണ്ട് ഉപയോഗിച്ചാണ്; വായ്പ എടുത്താണ് നിർമ്മിച്ചതെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച സമയത്ത് ഗതാഗത വകുപ്പ് മന്ത്രി ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 14.12.2012 ലെ സർക്കാർ ഉത്തരവ് (കൈ) നം: 88/2012/ ഗതാഗതം പ്രകാരം സ്പെഷ്യൽ പാക്കേജ് ആയി അനുവദിച്ച 3 കോടി രൂപ ഉപയോഗിച്ച് 03-7-2014 ലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിനോടൊപ്പം പലിശരഹിത മൂലധന നിക്ഷേപം കൂടി സമാഹരിച്ച് പ്രവർത്തി ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്.<br>പ്രസ്തുത കാലയളവിൽ ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഗതാഗത വകുപ്പ് മന്ത്രിയുടെ ചുമതല വഹിച്ചിരുന്നത്. |
| (സി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, അനുവദിച്ച ഫണ്ട്, ചെലവഴിച്ച തുക എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണത്തിന് ആവശ്യമായ ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവർത്തിയോടൊപ്പം വാട്ടർ സപ്ലൈ ആന്റ് സാനിട്ടറി വർക്സ്, Rain Water Harvesting Work, STP (സിവിൽ വർക്സ്), കനോപ്പി എന്നീ പ്രവൃത്തി ഉൾക്കൊള്ളിച്ച് 5.85 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. ടി പ്രവൃത്തി ചെയ്യുന്നതിനായി സർക്കാരിൽ നിന്നും സ്പെഷ്യൽ പാക്കേജ് ഫണ്ടായി 3 കോടി രൂപ അനുവദിച്ചിരുന്നു. ഇതിനോടൊപ്പം പലിശ രഹിത മൂലധന നിക്ഷേപം കൂടി സമാഹരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവൃത്തി ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ തുക കണ്ടെത്താൻ കഴിയാത്തതിനാലും കെ.എസ്.ആർ.ടി.സി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും പ്രവൃത്തി നിറുത്തിവച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരന് 4 പാർട്ട് ബില്ലുകളിലായി 3,06,36,548/- രൂപയുടെ ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 2,92,92,900/- രൂപയുടെ പേയ്മെന്റ് നടത്തിയിട്ടുണ്ട്. |
| (ഡി) | നിലമ്പൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചതെന്നാണ്; ഇപ്പോഴത്തെ കെട്ടിടത്തിന്റെ അവസ്ഥയെന്താണ്; കെട്ടിടം ഉപയോഗയോഗ്യമാണോ എന്ന് വ്യക്തമാക്കാമോ; കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് ഇനിയും എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കുമോ; | (ഡി) | 2014 ജൂലൈ മാസമാണ് നിർമ്മാണ പ്രവൃത്തി ആരംഭിച്ചത്. 70% സിവിൽ structural പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണുള്ളത്. ബാക്കിയുള്ള സിവിൽ പ്രവർത്തികൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, അഗ്നിസുരക്ഷ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ, വൈദ്യുതീകരണം ചെയ്യുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനയോഗ്യമാക്കുന്നതിന് ഏകദേശം 4.66 കോടി രൂപ ആവശ്യമായി വരുന്നതാണ്. |
| (ഇ) | കെട്ടിട നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | കെ.എസ്.ആർ.ടി.സിയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലവും, പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാലുമാണ് പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

(29) (27)

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## 04-2-2014-ൽ ചേർന്ന 377-മത് ഭരണസമിതി യോഗത്തിന്റെ തീരുമാനം

**ഫയൽ നം.** AB4/34352/2013. **അജണ്ട ഇനം നം.** **10/2014.**

വിഷയം:- നിലമ്പൂരിൽ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

അജണ്ട ഇനം വിശദമായി ചർച്ച ചെയ്തു. പ്രോജക്ടിന്റെ സാമ്പത്തിക ലഭ്യത എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ചീഫ് എൻജിനീയർ വിശദീകരിച്ചു. ഈ പദ്ധതിക്കായി സർക്കാരിന്റെ പ്രത്യേക പാക്കേജിൽ നിന്നും മൂന്ന് (3) കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക പലിശരഹിത മൂലധന നിക്ഷേപ സമാഹരണത്തിലൂടെ സ്വരൂപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ചീഫ് എൻജിനീയർ അറിയിച്ചു. കൂടാതെ 2012-ലെ Schedule of Rates പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയിൽ നിന്ന് 1.8% കുറവായുള്ള ശ്രീ. ജെ. അബ്ദുൾ വാഹീദ്, M/s. E.J. Constructions-ന്റെ ഓഫർ ന്യായീകരിക്കത്തക്കതാണെന്നും അറിയിക്കുകയുണ്ടായി.

ഭരണസമിതി തുടർന്ന് വിശദമായിചർച്ച ചെയ്യുകയും താഴെപറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. 2012-ലെ Schedule of Rates-ന്റെ അടിസ്ഥാനത്തിൽ 5,85,00,000/- രൂപയ്ക്ക് നിലമ്പൂരിൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റിന് അംഗീകാരം നൽകാവുന്നതാണ്.
2. എസ്റ്റിമേറ്റ് തുകയേക്കാൾ 1.8 ശതമാനം കുറവായി രേഖപ്പെടുത്തിയ ദർഘാസ് സമർപ്പിച്ച (5,74,47,000/-) ശ്രീ. ജെ. അബ്ദുൾ വാഹിദിന് പ്രസ്തുത നിർമ്മാണ കരാർ നൽകാവുന്നതാണ്.

...

ഒപ്പ്
**ചെയർമാൻ**

തിരുവനന്തപുരം,
തീയതി : 12-2-2014.

//ശരി പകർപ്പ്//

സ്വീകർത്താവ് :- Chief Engineer (P&CW).